## കേരള സർക്കാർ

സംഗ്രഹം

പുതുതായി ആരംഭിച്ച ഐ.ടി.ഐ. കളിലെ പ്രിൻസിപ്പാൾ ക്ലാസ് II - വിനെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ. **1617/2018/ധന.** തിരുവനന്തപുരം, തീയതി, **03.03.2018.**

പരാമർശം :- 02.02.2018 - ലെ ബി2/27605/17 നമ്പറായുള്ള ട്രെയിനിംഗ് ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

വാമനപുരം, പടിയൂർ, ചാത്തമംഗലം, കോടോംബേളൂർ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച ഐ.ടി.ഐ. കൾക്ക് ട്രഷറി ആതറൈസേഷനായി തിരുവനന്തപുരം എ.ജി. യിലേയ്ക്ക് കത്ത് നൽകിയപ്പോൾ പ്രസ്തുത ഐ.ടി.ഐ. കളിലെ ഡി.ഡി.ഒ, പ്രിൻസിപ്പാൾ ക്ലാസ് II ആണെന്ന് സൂചിപ്പിക്കുന്ന ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ മേൽ സൂചിപ്പിച്ച ഐ.ടി.ഐ. കളിൽ പ്രിൻസിപ്പാൾ ക്ലാസ് II - വിനെ ഡി.ഡി.ഒ. ആക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഉണ്ടാകണമെന്ന് വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടർ പരാമർശ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വാമനപുരം, പടിയൂർ, ചാത്തമംഗലം, കോടോംബേളൂർ, കൊട്ടാരക്കര എന്നീ ഐ.ടി.ഐ. കളിലെ പ്രിൻസിപ്പാൾ ക്ലാസ് II - വിനെ **"2230-03-101-99-01-സാലറീസ്-ഐ.ടി.എസ്-നോൺ പ്ലാൻ"** എന്ന ശീർഷകത്തിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സുരേഷ് കുമാർ. ഒ. ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, പി.എം.ജി, വികാസ് ഭവൻ. പി. ഒ, തിരുവനന്തപുരം - 01.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ